# ബനഡിക്ട് മാർ ഗ്രിഗോറിയോസ്:

# സ്നേഹ വിഹായസ്സിലെ ധ്രുവ നക്ഷത്രം

*ഫാ. മാത്യു ആലുംമൂട്ടിൽ*

കാലയവനികയ്ക്കുള്ളിൽ മറയുക; കാലാതിവർത്തിയായി ജീവിക്കുക. ആ അതുല്യ പ്രതിഭാസമാണ് ഭാഗ്യസ്മരണാർഹനായ ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ്. ആ സൂര്യ തേജസ് മറഞ്ഞിട്ട് 26 വർഷം തികയുന്നു. എങ്കിലും അതിന്റെ പ്രശാന്ത ശോഭയണയുന്നില്ല; ഉപരി ഉജ്ജ്വലിക്കുകയാണ് ആത്മാവിൽ അലിഞ്ഞ ദേവചൈതന്യം പോലെ! ഒരിക്കലെങ്കിലും കണ്ടുമുട്ടിയവർക്ക് ഒരിക്കലും മറക്കാനാവാത്ത ദീപ്തസ്വരൂപം. ഭാരതീയരേയും ആഗോളകത്തോലിക്കാ സഭയെയും ജീവിതയാത്രയിൽ സന്ധിച്ച സകലരേയും ധന്യമാക്കിയ താപസ ശ്രേഷ്ഠന്റെ സ്മരണ സുമനസ്സുകളിൽ സുകൃത ചിന്തകളെ ഉണർത്താൻ പോരുന്നതാണ്. ആ മുഖശ്രീയിൽ തിളങ്ങി നിന്ന സുകൃത സങ്കലനങ്ങളുടെ മാസ്മരികതയിൽ മനം നിറഞ്ഞ മഹാ കവി ഉള്ളൂർ പി. മഹാദേവന്റെ സാർത്ഥകമായ കാവ്യകല്പിതം ശ്രദ്ധേയമാണ്.

''എന്തൊരു തേജോമയ സുന്ദര മന്ദസ്മിതം എന്തൊരു സീമാതീത സൗഹൃദ സ്നേഹാദരം.'' പ്രസ്തുത മന്ദസ്മിത സൗഹൃദം അനുഭവിക്കാൻ ഈ ലേഖകന് ബാല്യത്തിലെ അസുലഭ ഭാഗ്യം കിട്ടി. പിന്നീട് ജീവിതത്തിന്റെ മാർഗ്ഗ ദർശിയും ഗുരുനാഥനും കെടാവിളക്കുമായി മാറുകയും ചെയ്ത തിരുമേനിയുടെ തിരോധാനം തീർക്കുന്ന ശൂന്യത മനസിനെയും ഈ കാലഘട്ടത്തെയും വല്ലാതെ ഉലയ്ക്കുന്നുണ്ട്. ഇന്നിന്റെ പകലുകൾ പലവുരു ഇരുണ്ടുപോകുന്ന നമ്മുടെ സമൂഹ വിഹായസിൽ ആ തേജോഗോളം പ്രഭതൂകി നിന്നിരുന്നെങ്കിൽ എന്ന് തിരുമേനിയെ അറിയുന്നവരിൽ ആരാണ് ആഗ്രഹിക്കാത്തത്?

1953 ജാനുവരി 29-ാം തീയതി നടന്ന തിരുമേനിയുടെ മെത്രാഭിഷേക ശേഷം കൂടിയ അനുമോദന സമ്മേളനത്തിൽ പിൻഗാമിയെ ഗാഢമായി ആശ്ലേഷിച്ച് വഴികാട്ടിയും ഗുരുശ്രേഷ്ഠനുമായിരുന്ന ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ ആശംസിച്ചത് ഇപ്രകാരമാണ് :

www.malankaralibrary.com

He is gold; He is pure gold - തങ്കം തനി തങ്കം! സുവർണ്ണ വ്യക്തിത്വത്തിന്റെ മാറ്റ് അനുദിനം വർദ്ധിച്ചുവന്നത് പില്ക്കാല ചരിത്രത്തിന്റെ നേർസാക്ഷ്യമാണ്. മെത്രാഭിഷേക ദിനത്തിലെ ദീപികപ്പത്രം രേഖപ്പെടുത്തി ''മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ പിൻഗാമിയായി വാഴിക്കപ്പെടുന്ന മാർഗ്രിഗോറിയോസ് തിരുമേനിയേക്കാൾ യോഗ്യനായ മറ്റൊരാൾ മലങ്കര റീത്തിലില്ലെന്ന് നിസ്സംശയം പറയാം. അദ്ദേഹത്തിൽ ജന്മസിദ്ധമായി വിളങ്ങുന്ന വിശേഷ ഗുണങ്ങൾക്ക് മകുടം ചാർത്തുന്ന യഥാർത്ഥവിനയം സർവാകർഷകമാണ്. രണ്ടാമനില്ലാത്ത ഒന്നാമന് യോഗ്യനായ രണ്ടാമനായി മാർ ഗ്രിഗോറിയോസ് വിളങ്ങി ശോഭിക്കും.'' മലങ്കരയിലെ പുനരൈക്യത്തിന്റെ വിശിഷ്ട കർമ്മാവും ആദ്യകർമ്മയോഗിയുമായ മാർ ഈവാനിയോസ് എന്ന വലിയ നക്ഷത്രത്തിന്റെ ശോഭയിലെത്തിച്ചേർന്ന നവനക്ഷത്രം ഒട്ടും ഒളി മങ്ങാതെ മറ്റൊരു ഭ്രമണപഥം തെളിച്ച് സ്വവെളിച്ചത്താൽ നവമായ ഒരു ക്ഷീരപഥമാക്കിത്തീർത്തെന്ന് സാംസ്ക്കാരിക കേരളത്തിന്റെ സാഹിത്യ പ്രതിഭ ഡോ. സുകുമാർ അഴീക്കോട് അഭിപ്രായപ്പെടുന്നുണ്ട്. പ്രസ്തുത പ്രശംസ നക്ഷത്രങ്ങളെ പേരു ചൊല്ലി വിളിക്കുകയും അവയുടെ സഞ്ചാര പഥങ്ങളും സവിശേഷതകളും പ്രപഞ്ചമാനങ്ങളും സവിസ്തരം പ്രതിപാദിച്ച് ശ്രോതാക്കളെ അത്ഭുതപ്പെടുത്തിയിരുന്ന ജ്യോതി ശാസ്ത്ര വിശാരദൻ കൂടിയായിരുന്ന തിരുമേനിക്കു ചാർത്തിയ ചേർച്ചയുള്ള കണ്ഠാഭരണമായി ഭവിച്ചു. പട്ടം കത്തീഡ്രലിന്റെ സീലിംഗിൽ സൗരയൂഥപഥങ്ങളുടെ ചിത്രം കൃത്യതയോടെ രചിച്ച് അതിനെ ആകാശവിതാന സദൃശ്യമാക്കിയത് തിരുമേനിയുടെ നക്ഷത്ര ജ്ഞാനത്തിന്റെ സുന്ദര നിദർശനമാണ്.

മെത്രാഭിഷേകത്തിൽ തിരുമേനി സ്വീകരിച്ച ആപ്തവാക്യം ' Lux mea Caritas - സ്നേഹം മമ ദീപം' എന്നതാണ്. തിരുമേനിക്ക് അത് ഒരാലങ്കാരിക ഭാഷാ പ്രയോഗമായിരുന്നില്ല. ചിന്തിച്ചുറച്ച് ആത്മാവിൽ ചേർത്തുവച്ച ജീവിത മുദ്രയായിരുന്നു. അതിന്റെ പ്രകാശനമായിരുന്നു ജീവിതം - സ്വയം പ്രകാശിതവും സർവാശ്ലേഷിതവുമായ സ്നേഹ ശുശ്രൂഷ. നിർവ്യാജമായ സ്നേഹ ശുശ്രൂഷകളുടെ അപ്പസ്തോലന്മാരാകുവാനാണ് ആരെയും തിരുമേനി ആഹ്വാനം ചെയ്തിരുന്നത്. അതായിരുന്നല്ലോ ആ ജീവിതവ്രതം. മെത്രാഭിഷേകാനന്തര അനുമോദന വേദിയിൽ അദ്ദേഹം പ്രഖ്യാപിച്ചു: ''ഇന്നു മുതൽ നിങ്ങളുടെ ദുഃഖം എന്റെ ദുഃഖവും നിങ്ങളുടെ സന്തോഷം എന്റെ സന്തോഷവും നിങ്ങളുടെ ആവശ്യങ്ങൾ എന്റെ

www.malankaralibrary.com

ആവശ്യങ്ങളും ആയിരിക്കും. പാവപ്പെട്ടവരോട് എനിക്ക് അധികം സ്നേഹമുണ്ട്. എന്റെ ജീവിതം അവരുടെ ഉന്നമനത്തിനായി ഞാൻ സമർപ്പിക്കുന്നു. ഈ ലക്ഷ്യത്തിലേക്കായിരുന്നു ആ കരുണാമയന്റെ കർമ്മ രംഗങ്ങളുടെ ദിശാസൂചി എപ്പോഴും തിരിഞ്ഞിരുന്നത്. തന്റെ മരണത്തിനു തൊട്ടുമുമ്പ് വൈദികരോടും സന്യസ്തരോടുമുള്ള ഉപദേശമായി പറഞ്ഞു: ''നിങ്ങൾ പ്രവർത്തിക്കുന്ന സ്ഥലത്തുള്ള പാവപ്പെട്ടവരെ കണ്ടെത്തണം. അവരുടെ ഉന്നമനത്തിനായി ദിവസം രണ്ടു മണിക്കൂറെങ്കിലും ജോലി ചെയ്യണം. നിങ്ങളുടെ കടമയാണിത്''. 'ഇറങ്ങിച്ചെല്ലുക , കണ്ടെത്തുക, ചേർത്തുപിടിക്കുക' എന്ന ഫ്രാൻസിസ് പാപ്പായുടെ പുതിയ പുരോഹിതാഹ്വാനം കാലത്തിനുമുമ്പേ നടന്ന് നടപ്പാക്കിയ സ്നേഹദൂതനായിരുന്നു തിരുമേനി. പതിതരോടും പരിത്യക്തരോടും യേശു പുലർത്തിയ ഹൃദയൈക്യത്തിന്റെ പ്രകാശനമായിരുന്നു 'സ്നേഹം മമ ദീപം' എന്ന വെളിച്ചത്തിൽ തുടിച്ചുനിന്ന തിരുമേനിയുടെ ജീവിതം. ഇടയ സന്ദർശനത്തിന് തിരുമേനി എത്തുമെന്ന് മുൻകൂട്ടി അിറഞ്ഞിരുന്ന പല സ്ഥലത്തേയും ആളുകൾ അവരുടെ ആനന്ദം പരസ്പരം പങ്കുവച്ചിരുന്നത്, 'ഇന്ന് നമ്മളെ കാണാൻ 'യേശു' വരും' എന്നു പറഞ്ഞുകൊണ്ടാണ്. ഇതിലും വലിയ പുരസ്ക്കാരമുണ്ടോ ഒരു പുരോഹിത ശ്രേഷ്ഠനു ചാർത്തിക്കൊടുക്കാൻ! തിരുമേനിയുടെ തേജസ്സാർന്ന മുഖവും സ്നേഹാർദ്രമായ നോട്ടവും കരുണാർദ്രമായ ഭാവവും വശ്യമായ പഞ്ചിരിയും പ്രസാദാത്മകമായ വചസുകളും അവർക്ക് 'യേശു' തുല്യമായിരുന്നു. ബാല്യം മുതൽ യേശുവിനെ ഉപാസിച്ച താപസ മാനസനും ഋഷിതുല്യ കാഷായ വസ്ത്രധാരിയും കരുണാമയനായ കർമ്മയോഗിയുമായി സാദാ കാണപ്പെട്ട തിരുമേനിയുടെ സഞ്ചാരപഥങ്ങൾ നന്മയുടെ പാതയിലായിരുന്നു. നന്മ വിതച്ച് സമൃദ്ധിയിൽ കൊയ്തെടുത്ത പുണ്യതാതൻ. തിരുമേനിയുടെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷിക്കുമ്പോൾ വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ അയച്ചുകൊടുത്ത സന്ദേശത്തിൽ പ്രത്യേകം അനുസ്മരിച്ചു: ''വന്ദ്യ സഹോദരാ, അങ്ങു സമാരംഭിച്ച സംരംഭങ്ങൾ ഏറ്റവും തിളങ്ങി നിൽക്കുന്നു. ഭാരത സമൂഹത്തിൽ അങ്ങ് നന്മയുടെ നിറകുടമായി വിരാജിക്കുന്നു. അങ്ങു വാരിക്കൂട്ടിയ നന്മകളെയോർത്ത് ദൈവത്തിനു നന്ദി പറയുന്നു''. ഇന്ത്യയുടെ അന്നത്തെ വൈസ് പ്രസിഡന്റ് ശ്രീ. കെ. ആർ നാരായണൻ സമ്മേളനത്തിൽ പ്രസ്താവിച്ചു: ''അഭിവന്ദ്യ തിരുമേനി ദൈവമനുഷ്യനാണ്. തിരുമേനി

www.malankaralibrary.com

ചെയ്തതെല്ലാം മനുഷ്യരാശിയുടെ സേവനമായിരുന്നു. മാനവരാശിയുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന ദൈവദൂതനെയാണ് തിരുമേനിയിൽ നാം ദർശിക്കുന്നത്. നമ്മുടെ ആത്മീയ പൈതൃകത്താൽ സമ്പന്നമാക്കപ്പെട്ട ഭാരതീയ മതേതരത്വത്തിന്റെ പ്രതീകവും യഥാർത്ഥ പ്രതിനിധിയുമാണ് തിരുമേനി''. നന്മയുടെ നിറകുടമെന്നും ഭാരത മതേതരത്വ പ്രതീകമെന്നുമുള്ള അംഗീകാര മുദ്രകൾ തിരുമേനി അർഹിക്കുന്ന രണ്ട് അവാർഡുകൾ തന്നെയാണ്. മാനവനന്മയും ഭാരതപുരോഗതിയും അദ്ദേഹത്തിന്റെ ആത്മവീണയിൽ വിരിഞ്ഞ രണ്ടു രാഗപുഷ്പങ്ങളായിരുന്നു. അവയ്ക്കുവേണ്ടിയാണ് ആ ജീവിത പെൻഡുലം ആടിയമർന്നത്.

**<u>കാർഷികാഭിമുഖ്യം</u>**

മണ്ണിനെ മനസ്സാവരിച്ച കർഷക സുഹൃത്തും കാർഷിക ഗവേഷകനുമായിരുന്നു തിരുമേനി. ചെറിയോരു കർഷക സദസിൽ സംബന്ധിച്ച് സംസാരിച്ച അദ്ദേഹത്തിന്റെ വാക്കുകൾ : ''ഒരമ്മ തന്റെ കുഞ്ഞിനെ സ്നേഹിക്കും പോലെ കർഷകൻ മണ്ണിനെ സ്നേഹിക്കണം. കൃഷിയിലൂടെ കരഗതമാകുന്ന പുരോഗതിയെ നമ്മുടെ വീടിനോടുപമിക്കാം. അതിന്റെ ഫൗണ്ടേഷനാണ് കൃഷി. ഭിത്തി വ്യവസായവും മേൽക്കൂര ഉദ്യോഗവുമാണ്. എല്ലാവരും ഇന്ന് മേൽക്കൂരയാണ് ഇഷ്ടപ്പെടുന്നത്. കാർഷിക വിഭവങ്ങൾ സംസ്ക്കരിക്കുവാനാണ് വ്യവസായം. അവയുടെ കണക്കെഴുതാൻ മാത്രമാണ് ഉദ്യോഗം''. പ്രസംഗിക്കുകമാത്രമല്ല, തന്റെ വീടിന്റെ ടെറസിലും പരിസരത്തും മാതൃകാ കൃഷിത്തോട്ടമുണ്ടാക്കി കാണിച്ചു കൊടുക്കുവാനും തിരുമേനി ശ്രദ്ധിച്ചിരുന്നു. ജപ്പാൻ സമ്പ്രദായമായ ഡബിൾ ഡിഗ്ലിംഗ് രീതിയിൽ 16'നീ. X 8'വീ. X 4'താഴ്ചയിൽ കുഴിയെടുത്ത് അതിൽ പച്ചിലയും ജൈവ മണ്ണിര വളങ്ങളും മണ്ണും ഇടവിട്ട് നിറച്ച് പച്ചക്കറികൾ നട്ടുണ്ടാക്കി നവീന മാതൃക സൃഷ്ടിച്ചു. കുറഞ്ഞ സ്ഥലത്ത് കൂടുതൽ കാലം മൂന്നിരട്ടി വിളവുല്പാദിപ്പിച്ചിരുന്ന മാജിക്കൽ സമ്പ്രദായം. മുഖ്യ മന്ത്രിമാരായിരുന്ന ശ്രീ. ഇ. കെ നായനാരും, ശ്രീ. കെ കരുണാകരനും ഉൾപ്പെടെ മന്ത്രിമാരും കാർഷിക വിദഗ്ദ്ധരും മറ്റ് വിശിഷ്ട വ്യക്തികളും തിരുമേനിയുടെ കൃഷിത്തോട്ടം സന്ദർശിക്കുക പതിവായിരുന്നു. അക്കാലത്ത് ചിക്കാഗോയിൽ നിന്നെത്തിയ പ്രസിദ്ധ വ്യക്തി സിസ്റ്റർ ക്രിസ്റ്റ്യൻ യോളിഡോർ കാർഷിക രംഗത്തെ വിപ്ലവനായകനായ തിരുമേനിയുടെ അത്ഭുത

www.malankaralibrary.com

കൃഷിത്തോട്ടം കണ്ടിട്ട് 'കാത്തലിക് നിയർ ഈസ്റ്റ്' എന്ന ന്യൂയോർക്ക് പ്രസിദ്ധീകരണത്തിൽ ' Benedict Mar Gregorious, India's Rennaissance – Man എന്ന ശീർഷകത്തിൽ എഴുതി : "Picture his residence in Trivandrum, Kerala, India – a wooden building with breeze porches surrounded by exotic plants and flowers, gardens bursting with crops, rubber trees, animal shelters, chemical laboratories, distleries for honey syrup and wine, quail and chicken coops, hybrid seed processing areas, libraries and research rooms……." ഇവ കൂടാതെ, ഭക്ഷ്യക്ഷാമകാലത്ത് പ്രചരിപ്പിച്ച അത്യുല്പാദന ശേഷിയുള്ള 126, 165 മരച്ചീനി, നെല്ലിനങ്ങൾ, തെങ്ങ്, കൊക്കൊ, ഗ്രാമ്പ്, കറുവ, പപ്പായ, പൈനാപ്പിൾ, കുരുമുളകു ചെടി, പ്രോട്ടീൻ സമൃദ്ധമായ തുവരപ്പയറുകൾ, വേഗം വളരുന്ന സൂബബൂൾ & മാഞ്ചിയം മരങ്ങൾ, സമൃദ്ധമായ കൂണുല്പാദനം, ഓർക്കിഡ് & ആന്തൂറിയം പുഷ്പകൃഷികൾ………. അങ്ങനെ നീണ്ടുപോകുന്നു. സ്വദേശത്തു വികസിപ്പിച്ചതും വിദേശത്തു നിന്നു കൊണ്ടു വന്നതുമായ തിരുമേനിയുടെ കൃഷി വൈവിദ്ധ്യങ്ങൾ. തൊഴിൽ രഹിതരായ യുവാക്കളെ നൂതന കാർഷിക സമ്പ്രദായങ്ങൾ പഠിപ്പിക്കാനും പരിശീലിപ്പിക്കാനും ഒരു കാർഷിക കേന്ദ്രം പട്ടം സെന്റ് മേരീസ് കോമ്പൗണ്ടിൽ സമാരംഭിച്ചു. ഭാവിയിൽ ജലക്ഷാമം വരുമെന്നും അതിനാൽ ജലസംഭരണികൾ ഉണ്ടാക്കി ഒരു തുള്ളി വെള്ളവും പാഴാക്കാതെ ശേഖരിച്ച് ഭൂമിയെ ജലക്ഷമതയോടെ പരിപാലിക്കണമെന്നു പറയുക മാത്രമല്ല, അവയുണ്ടാക്കി മാതൃകകാട്ടിക്കൊടുക്കുകയും ചെയ്തിരുന്നു. ഭാരതത്തിലെ വിഭവസമൃദ്ധിയും സൂര്യപ്രകാശ ലഭ്യതയും ഈശ്വരന്റെ വരദാനമായി സ്വീകരിച്ച് സിന്ധു, ഗംഗാ സമതലങ്ങളിൽ വൈദഗ്ദ്ധ്യത്തോടെ കൃഷി ചെയ്താൽ ഭാരതീയർക്കുമാത്രമല്ല ലോക ജനതകൾക്കും ആവശ്യമായ ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിക്കാമെന്ന് തിരുമേനി ഉറച്ചു വിശ്വസിച്ചു; കാർഷിക വേദികളിൽ ഉദ്ബോധിപ്പിക്കുകയും ചെയ്തു. ഒരിക്കൽ രണ്ടു യൂറോപ്യൻ സുഹൃത്തുക്കൾ ഭാരതത്തെപ്പറ്റി തിരുമേനിയോടാരാഞ്ഞു. "ഇതു തന്നെയോ പറുദീസാ"? തിരുമേനിയുടെ മറുപടി: " Yes India is a rich country with poor people". ഈ ദുഖത്തിൽ നിന്നാണ് 'കാർഷികവൃത്തിയിലൂടെ മാനവ പുരോഗതി' എന്ന ആശയവിത്ത് അദ്ദേഹത്തിന്റെ ആത്മാവിൽ പൊട്ടി വളർന്നത്. ഡോ. എം. എസ്. സ്വാമിനാഥൻ, ഡോ. വർഗ്ഗീസ് കുര്യൻ ഉൾപ്പെടെ ലോകപ്രശസ്ത കാർഷിക

www.malankaralibrary.com

ശാസ്ത്രജ്ഞരോടും അവരുടെ ഗവേഷണ പഠനങ്ങളോടും നിരന്തരം പുലർത്തിയ സമ്പർക്കം കാർഷിക രംഗത്ത് നിത്യനൂതന കർമ്മയോഗിയായി തിരുമേനിയെ നിലനിർത്തി. അദ്ദേഹത്തിന്റെ കൃഷി ലോകം കണ്ടറിഞ്ഞ പ്രഖ്യാത കാർഷിക ശാസ്ത്രജ്ഞൻ ഡോ. ആർ ഹേലി അഭിപ്രായപ്പെട്ടു : ''അമ്പതുകളിലെ സമ്മിശ്രകൃഷി മുതൽ തൊണ്ണൂറുകളിലെ മാഞ്ചിയം കൃഷി വരെയുള്ള കാലയളവിൽ തിരുമേനി സംലഭ്യമാക്കിയ സംഭാവനകൾ കേരളത്തിലെ കൃഷിയുടെ വികസന ചരിത്രം പഠിക്കുന്ന ഗവേഷകർക്ക് ആവേശം പകരുന്ന ഒരു പാഠ്യവിഷയം ആയിരിക്കും.''

## വിദ്യാഭ്യാസ പ്രവർത്തനം

ജ്ഞാനത്തെ കർമ്മവുമായി ബന്ധിപ്പിച്ച പ്രായോഗിക വിദ്യാഭ്യാസത്തിന്റെ വക്താവായിരുന്നു മാർ ഗ്രിഗോറിയോസ് തിരുമേനി. പുരോഗതി വിദ്യാഭ്യാസത്തിലൂടെ എന്ന് പ്രചരിപ്പിച്ച അദ്ദേഹം ഖേദത്തോടെ കണ്ടെത്തിയ കാര്യം ഇതായിരുന്നു: 'ഭാരതത്തിലെ വിദ്യാഭ്യാസം ഗ്രന്ഥാഭിമുഖ്യ പ്രധാനമാണ്. അതിന് മണ്ണിനോടും വിണ്ണിനോടും ബന്ധമില്ല. പ്രായോഗികവും ദൈവോന്മുഖവും അല്ലെന്നർത്ഥം. വിജ്ഞാന ദാർശികനായ രാഷ്ട്രപതി ഡോ. രാധാകൃഷ്ണനെ ഉദ്ധരിച്ച് തിരുമേനി ഊന്നിപ്പറയുമായിരുന്നു: 'വിദ്യാഭ്യാസത്തിനൊപ്പം ഈശ്വരവിശ്വാസംകൂടി നല്കുന്നില്ലെങ്കിൽ രാക്ഷസന്മാരെ വാർത്തെടുക്കുകയാവും നമ്മുടെ കലാലയങ്ങൾ'. നൊബേൽ ജേതാവായ അലക്സാണ്ടർ സോൾ ഷെനിറ്റ്സിനെയും തിരുമേനി ഉദ്ധരിച്ചിരുന്നു : ''ദൈവത്തെ മറക്കുന്ന രാജ്യം നശിക്കും''. ശൈശവത്തിലേ വിദ്യാരംഭം കുറിക്കുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കിയ അദ്ദേഹം 'ശിശു സദൻ' എന്ന പ്രീ നഴ്സറി സ്കൂൾ പള്ളിയോടു ചേർന്നാരംഭിച്ചു. പരിപാലിക്കാൻ പ്രത്യേക പരിശീലനം നേടിയവരെ നിയോഗിച്ചു. ശിശുക്കളിലെ ശ്രദ്ധ, നിരീക്ഷണ പാടവം, ഓർമ്മശക്തി, പ്രതികരണ ശേഷി, പുനരാവിഷ്ക്കാര കഴിവ്, ആനന്ദ സങ്കട ഭാവങ്ങൾ എന്നീ ജന്മ സിദ്ധികൾ കണ്ടെത്തി പരിപോഷിക്കുകയായിരുന്നു ലക്ഷ്യം. ശിശുക്കൾ മുതൽ ഉന്നത വിദ്യാഭ്യാസാർത്ഥികളെ വരെ സഹായിക്കാൻ നൂറ്റിയമ്പതിലധികം സരസ്വതീക്ഷേത്രങ്ങൾ തിരുമേനി പടുത്തുയർത്തി. അവികസിത മേഖലകളിൽ ആരംഭിച്ച് പ്രസ്തുത

www.malankaralibrary.com

നാടുകളെക്കൂടി വളർത്തിയെടുക്കുകയായിരുന്നു പതിവ്. സമൂഹത്തിലെ താഴേത്തട്ടിലുള്ള കുട്ടികൾക്ക് ഉയർന്ന നിലവാരമുള്ള വിദ്യാഭ്യാസം കൊടുക്കുവാനാരംഭിച്ചതാണ് സർവ്വോദയ സ്കൂളുകൾ. പാവപ്പെട്ട തൊഴിൽ രഹിത യുവാക്കളെ വിവിധ തൊഴിൽ പഠിപ്പിക്കാനാരംഭിച്ചതാണ് അന്ത്യോദയാ സാങ്കേതികവിദ്യാ കേന്ദ്രങ്ങൾ. IAS അർത്ഥികളെ സഹായിക്കാനാരംഭിച്ചതാണ് അവർക്കുള്ള കോച്ചിംഗ് സെന്ററുകൾ. എല്ലാവർക്കും വിജയ സോപാനത്തിലെത്താനുള്ള ഏക വിജയമന്ത്രം കൂടി തിരുമേനി പറയുമായിരുന്നു : ''കഠിനാധ്വാനം''.

സ്കൂൾ കലാലയവേദികളിൽ പ്രസംഗിക്കുമ്പോൾ നല്കിയിരുന്ന സൂക്തം ഇതായിരുന്നു: ''Sleep four hours and pass; Sleep five hours and fail''. ഇതിനൊരു നേർ സാക്ഷ്യവും തിരുമേനി നല്കിയിരുന്നു: ജപ്പാനെ നോക്കൂ. രണ്ടാം ലോക മഹായുദ്ധത്തിൽ ബോംബു വീണ് ചാരക്കൂമ്പാരമായ രാജ്യമാണ്. യാതൊരു വിഭവങ്ങളുമില്ല. സൂര്യപ്രകാശവും കമ്മി. ചുരുങ്ങിയ കാലം കൊണ്ടാണ് അവർ വികസിത രാജ്യങ്ങളെ സർവ്വ മേഖലകളിലും വെല്ലു വിളിക്കാൻ തക്കവിധം വളർന്നത്. നാലു മണിക്കൂർ മാത്രം വിശ്രമിച്ച് ഇരുപതു മണിക്കൂർ കഠിനാധ്വാനം ചെയ്തു നേടിയ വിജയഗാഥ! വിജയ മന്ത്രം പ്രസംഗിക്കുക മാത്രമല്ല തിരുമേനി ചെയ്തിരുന്നത്; കൃത്യം പാലിക്കുകയും ചെയ്തിരുന്നു. നാലുമണിക്കൂർ വിശ്രമിച്ച് ഇരുപത് മണിക്കൂറും ജാഗ്രതയോടെ ജോലി ചെയ്ത് ജീവിതം കഠിന തപശ്ചര്യയാക്കി മാറ്റി. ശരീരത്തിനുമേൽ ആത്മാവിനുണ്ടായിരുന്ന ആധിപത്യം സുവിദിതമത്രെ. ഇത്തരുണത്തിൽ, തിരുമേനിയുടെ പേര് ജീവിതത്തിൽ സാർത്ഥകമായെന്നും കാണാം. സന്ന്യാസാരംഭത്തിൽ ലഭിച്ച 'ബനഡിക്ട്' എന്ന നാമത്തിന് അനുഗ്രഹിക്കപ്പെട്ടവൻ; മെത്രാഭിഷേകത്തിൽ സ്വീകരിച്ച 'ഗ്രിഗോറിയോസ്' എന്ന നാമത്തിന് ഉണർവുള്ളവൻ എന്നീ അർഥങ്ങളാണല്ലോ. അതെ! അനുഗ്രഹത്തിന്റെയും ഉണർവിന്റെയും സൂര്യൻ തിരുമേനിയുടെ ശിരസിൻ മീതേ ഉയർന്നു നിന്നു. ഒരു ജോലിയിൽ ക്ഷീണിക്കുമ്പോൾ മറ്റൊന്നിലേക്കു പ്രവേശിക്കുകയായിരുന്നു അദ്ദേഹത്തിനു വിശ്രമം. അറിവിന്റെ തേനറകൾ തേടുകയും നുകരുകയും ചെയ്ത് വിജ്ഞാനാമൃതം സമൃദ്ധിയിൽ ചൊരിഞ്ഞ് സദ്ഗുരുപ്പട്ടം നേടിയെന്നത് ഒട്ടും അതിശയോക്തിയല്ല. ലോകത്തെവിടെയും ലഭ്യമാകുന്ന നൂതനാറിവുകളുടെയും ഗവേഷണ ഫലങ്ങളുടെയും പ്രസിദ്ധീകരണങ്ങളും ഗ്രന്ഥങ്ങളും തിരുമേനിക്കു ലഭിച്ചു കൊണ്ടിരുന്നു. അവ

www.malankaralibrary.com

ഒരുപാസന മനസോടെ ഗ്രഹിച്ച് പ്രസക്ത ഭാഗങ്ങൾ അടയാളപ്പെടുത്തി കാർഷിക, വ്യാവസായിക ഗവേഷകർക്കും നടപ്പിൽ വരുത്തേണ്ട ഭരണാധികാരികൾക്കും അയച്ചു കൊടുത്തിരുന്നു. അവരിൽ അനേകം ഉന്നതർ വിഷയം ചർച്ച ചെയ്യാൻ അരമനയിൽ വന്നിട്ടുണ്ട്. അങ്ങനെ വന്ന നെസ്‌ലെ കമ്പനിയുടെ ജനറൽ മാനേജരായ ബ്രിട്ടീഷുകാരൻ ഒന്നേകാൽ മണിക്കൂർ സമയത്തെ സംവാദശേഷം പറഞ്ഞു: " I have never come across such a wonderful genius"!

BEd കോളേജിനുള്ള അപേക്ഷ കേരള സർവകലാശാലയിൽ സമർപ്പിച്ചിരുന്നു. നിരാകരിക്കാൻ ചിലർ ന്യായങ്ങൾ നിരത്തി. തിരുമേനിയെ അറിയാവുന്ന വൈസ് ചാൻസലർ ഡോ. രാമസ്വാമി മുതലിയാർ ആജ്ഞാ ശക്തിയോടെ തീർപ്പു കല്പിച്ചു: " Arch Bishop Mar Gregorios is a great educationalist, so they must have it". എന്നിട്ട് കേരള വിദ്യാഭ്യാസ ഉപദേശക സമിതിയുടെ ചെയർമാനായി പന്ത്രണ്ടുവർഷം തിരുമേനി സ്തുത്യർഹമായ നേതൃത്വം നല്കി. തന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഡ്മിഷനൊ, അപ്പോയിന്റ്മെന്റിനൊ, മറ്റേതെങ്കിലും വിധത്തിലൊ അഴിമതി തെളിയിക്കാൻ ഗവൺമെന്റിനെ തിരുമേനി വെല്ലുവിളിച്ചിട്ടുണ്ട്. അഴിമതിക്കും സ്വജനപക്ഷപാതത്തിനും കക്ഷിരാഷ്ട്രീയിടപെടലിനും എതിരെ നടത്തിയ ഒറ്റയാൻ പോരാട്ടമായിരുന്നു അക്കാലതത്തെ വിദ്യാഭ്യാസ മേഖല. തിരുമേനിയുടെ ധാർമ്മിക ശക്തി അചഞ്ചലവും തകർക്കപ്പെടാനാവാത്ത തുമായി ഏവരും അംഗീകരിച്ചിരുന്നു.

**ഭവന പദ്ധതി**

തലചായ്ക്കാനിടമില്ലാത്തവർക്ക് വീടു നിർമ്മിച്ചു നല്കാനാരംഭിച്ച തിരുമേനിയുടെ സ്വപ്ന പദ്ധതിയാണ് ഭവന നിർമ്മാണ സംരംഭം. അതനുസരിച്ച് കന്യാകുമാരി ജില്ലയിൽ മഞ്ഞത്തോപ്പ്, തിരുവനന്തപുരം ജില്ലയിൽ മൺവിള, അരുവിയോട്, പാപ്പാല മുതലായ സ്ഥലങ്ങളിൽ നൂറു കണക്കിനു വീടുകൾ നിർമ്മിച്ചു നല്കി.

www.malankaralibrary.com

''അന്യ ജീവിതത്തിനുതകി

സ്വജീവിതം ധന്യമാക്കുക'' എന്ന ശ്രേഷ്ഠ സൂക്തമാണ് ഈ സംരംഭത്തിൽ സഹകരിച്ച സകലർക്കും നല്കിയിരുന്ന പ്രേരകസൂക്തം. ഒരിടിവക വർഷംതോറും ഒരു വീടെങ്കിലും വെച്ചു കൊടുക്കണമെന്ന് തിരുമേനി കല്പന പുറപ്പെടുവിച്ചു. അങ്ങനെ സഭയുടെ കടമയായി ഭവനനിർമ്മാണത്തെ വിശാലമാക്കി. 'ആർച്ചുബിഷപ്പ്സ് ചാരിറ്റി സംഭാവന' എന്ന പേരിൽ പണസമാഹരണ സംരംഭം സമാരംഭിച്ചു. 'പാവങ്ങളുടെ പെരുന്തച്ചൻ' എന്നറിയപ്പെട്ട വിദേശ വാസ്തു ശില്പി ശ്രീ. ലാറി ബേക്കറെ വരുത്തി ചെലവു കുറഞ്ഞ നിർമ്മാണ ശൈലിക്ക് രൂപം കൊടുത്തു. അപ്രകാരമൊരു മാതൃകാ വീട് അരമനമുറ്റത്ത് സ്ഥാനം പിടിച്ചു. ഹബിറ്റാറ്റിന്റെ പ്രണേതാവായ ആധുനിക ആർക്കിടെക് ശ്രീ. ശങ്കറിനെ പ്പോലെയുള്ള ധീഷണാശാലികളുടെയും അവരുടെ ഗുരുവായ ലാറി ബേക്കറുടെയും സഹകരണത്തോടെ ഭവന നിർമ്മാണം ഏറെ മുന്നേറി. യുവജനങ്ങളെ പരിശീലിപ്പിച്ച് നിർമ്മാണ പദ്ധതയിൽ ഉൾപ്പെടുത്തി. രണ്ടു മുറികളും വരാന്തയും അടുക്കളയുമുള്ള വീട് ഇഷ്ടികയിൽ കെട്ടി ഓടുമേഞ്ഞുണ്ടാക്കിയതായിരുന്നു. ജാതിമത ഭേദമെന്യേ പതിനായിരത്തോളം വീടു നിർമ്മിച്ചു നൽകാൻ ഈ പദ്ധതിവഴി സാധിച്ചു. ഈ മുന്നേറ്റത്തിൽ നിന്നുള്ള പ്രചോദനമായിരുന്നു ശ്രീ. എം. എൻ ഗോവിന്ദൻ നായരുടെ ലക്ഷംവീടു പദ്ധതി.

ആയിരത്തി തൊള്ളായിരത്തിത്തൊണ്ണൂറുകളുടെയാരംഭത്തിൽ കന്യാകുമാരി ജില്ലയിൽ വലിയൊരു വെള്ളപ്പൊക്കമുണ്ടായി. ഒറ്റ രാത്രിയിൽ ഡാമുകളെല്ലാംതുറന്നു വിട്ടു. പുഴകൾ കരയെ വിഴുങ്ങി. വീടുകൾ വീണു. വൻ നാശ നഷ്ടങ്ങളാൽ ജനം വലഞ്ഞു. ഇതാ! പിറ്റേന്നു പുലരിയിൽ ദുരന്ത ഭൂവിലെ ദൈവദൂതൻ പോലെ തിരുമേനി തീരം തൊട്ട് വന്നു നില്ക്കുന്നു. നൂറു വീടുകൾ നിർമ്മിച്ചു നൽകിയാണ് ഹതഭാഗ്യരുടെ വേദനയിൽ ആ സഹാനുഭാവൻ അല്പമെങ്കിലും ആശ്വാസമരുളിയത്.

**ചെഷയർഹോം**

ഭാരതത്തിലെ ചെഷയർഹോം പ്രസ്ഥാനത്തിന് തിരുമേനി നല്കിയ സംഭാവന നിസ്തുലമാണ്. അതിന്റെ മാനേജിംഗ് കമ്മറ്റി

www.malankaralibrary.com

ചെയർമാനായി അദ്ദേഹം ദീർഘകാലം പ്രവർത്തിച്ചു. ആ കാലയളവാണ് ചെഷയർഹോംസിന്റെ ഭാരതത്തിലെ സുവർണ്ണകാലം. ലോർഡ് ചെഷയറിനെ ഇംഗ്ലണ്ടിൽ നിന്ന് കേരളത്തിൽ കൊണ്ടു വന്നതും തിരുവനന്തപുരം പട്ടണത്തിൽ വിശാലമായ സ്ഥലം ദാനം നല്കി ആദ്യ ചെഷയർഹോം സ്ഥാപിക്കുന്നതും തിരുമേനിയായിരുന്നു. തമിഴ്നാട്ടിലും ഒരു ചെഷയർഹോം പണിയുക എന്നത് അദ്ദേഹത്തിന്റെ സ്വപ്നമായിരുന്നു. 1991 ജാനുവരി 14-ാം തീയതി സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടു. കന്യാകുമാരി ജില്ലയിൽ കുലശേഖരത്തിനടുത്ത് മുക്കംപാല ബഥനി എസ്റ്റേറ്റിലാണ് വിശാലമായ ആ സൗധം പണിതുയർത്തിയിരിക്കുന്നത്. അതിന്റെ പണി നടക്കുമ്പോൾ തിരുമേനി ആവർത്തിച്ചു പറയുമായിരുന്നു: ''അത് പെട്ടെന്നു പൂർത്തിയാക്കണം. നാട്ടിൽ എത്ര വികലാംഗരും നിരാലംബരുമാണ് ദുരിതം അനുഭവിക്കുന്നത്. നമുക്ക് അവരെയെല്ലാം കണ്ടെത്തി ഇവിടെ കൊണ്ടുവന്ന് സംരക്ഷിക്കണം''. ചെഷയർഹോംസിലെ അന്തേവാസികളായ നിരാലംബരെ നിരന്തരം സന്ദർശിച്ച് സ്നേഹവാത്സല്യങ്ങളുടെ തൂവൽസ്പർശം കൊണ്ട് ആശ്വസിപ്പിക്കുന്നതും സമ്മാനങ്ങൾ നല്കുന്നതും ആ മഹാത്മാവിന്റെ ആത്മഹർഷമായിരുന്നു. ഡൽഹിയും ലണ്ടനും ചെഷയർഹോംസുള്ള മറ്റു സ്ഥലങ്ങളും സന്ദർശിക്കുമ്പോൾ അവിടെയുള്ള അന്തേവാസികളോടൊപ്പം താമസിക്കാനാണ് തിരുമേനി ശ്രദ്ധിച്ചിരുന്നത്. പതിതരോടും പരിത്യക്തരോടും പുലർത്തിയ ഹൃദയൈക്യം എത്ര അഗാധമായിരുന്നെന്ന് ഇത് വേണ്ടുവോളം വെളിവാക്കുന്നു. ഭാരതത്തിലെ പട്ടണങ്ങളിൽ ഇരുപത്തിനാല് ചെഷയർഹോംസ് പണിയുന്നതിന് കരുത്തുറ്റ നേതൃത്വം കൊടുത്ത തിരുമേനിയുടെ അപ്രതീക്ഷിത നിര്യാണം, തങ്ങളുടെ പ്രസ്ഥാനത്തിന്റെ ജീവാത്മാവു നഷ്ടപ്പെട്ട അനുഭവമായാണ് അതിന്റെ മാനേജിംഗ് കമ്മറ്റിയംഗങ്ങൾ നൊമ്പരപ്പെട്ടത്.

## <u>കലാപ ഭൂവിലെ ശാന്തിദൂതൻ</u>

അംബാസിഡറായി ആദ്യനിയമനം കിട്ടിയ ശ്രീ. റ്റി. പി. ശ്രീനിവാസൻ IFS അനുഗ്രഹം തേടി അരമനയിലെത്തിയപ്പോൾ തിരുമേനി ഒരു പേന സമ്മാനിച്ചു പറഞ്ഞു: ''ഇത് യുദ്ധത്തിനല്ല; സമാധാനത്തിനാണ്''. ആ സമാധാന ദൂതന്റെ ദർശനമായിരുന്നു യുദ്ധഭൂവിലും സാമാധാനമുണ്ടാക്കുക എന്നത്. ഇന്ത്യൻ കൗൺസിൽ ഫോർ ഗാന്ധിയൻ

www.malankaralibrary.com

സ്റ്റഡീസിന്റെ ചെയർമാനായിരുന്ന പ്രൊഫ. ഡോ. എൻ രാധാകൃഷ്ണൻ ഒരു ദൃക്സാക്ഷി വിവരണം നല്കുന്നനുണ്ട്: തിരുവനന്തപുരം ജില്ലയിൽ മുട്ടയ്ക്കാട് പ്രദേശത്ത് 1980 കളിൽ രണ്ടു പാർട്ടിക്കാർ വലിയൊരു കലാപമുണ്ടാക്കി. എഴുപതിൽപ്പരം വീടുകൾ അഗ്നിക്കിരയായി നിരവധിപേർ ആശുപത്രിയിലായി. അനേകം പേർ പലായനം ചെയ്തു. നാടൊരു പ്രേതഭൂമി. ഇതാ! തിരുമേനി അവിടേക്കു കടന്നു വരുന്നു- പ്രസിദ്ധരായ പ്രൊഫ. മന്മഥൻ, കെ. ജനാർദ്ദനൻ പിള്ള, ബി. സദാനന്ദൻ എന്നീ ഗാന്ധിമാർഗ്ഗ പ്രവർത്തകരുമൊത്ത്. തുടർന്ന് തിരുമേനിയുടെ നേതൃത്വത്തിൽ നടന്ന ശാന്തിയാത്രകൾ, സർവമത പ്രാർത്ഥനകൾ, സമാധാന സായാഹ്ന സന്ദേശങ്ങൾ, ഭവന സന്ദർശങ്ങൾ തുടങ്ങിയ പരിശ്രമങ്ങളിലൂടെ സാവകാശം സമാധാനം പുനഃസ്ഥാപിച്ചു.

തിരുവനന്തപുരം, കരമനയിൽ ഒരു വർഗ്ഗീയ ലഹള പൊട്ടിപ്പുറപ്പെട്ടു. ഹൈന്ദവരും മുസ്ലീമുകളും തമ്മിൽ. വെട്ടും കുത്തും തീവെപ്പും. വീടുകളും മോസ്കുകളും അഗ്നിക്കിരയായി. പലരും പലായനം ചെയ്തു. തിരുമേനി അതിവേദനയോടെ പാഞ്ഞെത്തി. ഇരു മതനേതാക്കന്മാരെയും ഒപ്പംകൂട്ടി. ഗാന്ധി ഗ്രാമ പ്രവർത്തകരും സാമൂഹിക സമുന്നതരും സിസ്റ്റേഴ്സും തിരുമേനിയുടെ നേതൃത്വത്തിൽ ഒരു മാസത്തോളം നടത്തിയ സമാധാന ശ്രമങ്ങൾ ഫലം കണ്ടു. പ്രസിദ്ധനായ ശ്രീമദ് ഗോലോകാനന്ദ സ്വാമി തിരുമേനിയെപ്പറ്റി പറഞ്ഞു: ''ഈ മനുഷ്യനിൽ ഞാനൊരു വിശുദ്ധനെ കാണുന്നു''. ജീവിച്ചിരുന്നപ്പോഴും ഇന്നും തിരുമേനിയിൽ അധികം പേരും കാണുന്നത് വിശുദ്ധനെ തന്നെയാണ്.

1964 നവംബർ 14-ന് കിളിമാനൂർ, കുമ്മിൾ സ്ഥലങ്ങളിൽ നക്സൽ ആക്രമണം നടന്നു. മൂന്നു പേരുടെ തല അറുത്ത് തെരുവിൽ വെച്ചു. പിന്നാലെ പല കബന്ധങ്ങളും. പ്രസ്തുത ഭീകരതയിലേക്ക് തിരുമേനി കടന്നു വന്നു. ക്ഷേത്രങ്കണത്തിൽ 12 മണിക്കൂർ ഉപവാസം. സർവമത പ്രാർത്ഥന. വിവിധ മതഗ്രന്ഥ പാരായണം. മനുഷ്യ ധർമ്മ പൊരുളുകളുടെ സന്ദേശം. സമാധാനം സ്ഥാപിക്കപ്പെട്ടു.

1992-ലെ പൂന്തുറക്കലാപം അതി ഭീകരമായിരുന്നു. ഭരണാധികാരികളും സമാധാനം സ്ഥാപിക്കാനാവശ്യപ്പെട്ട 2000 പോലീസും പരാജയപ്പെട്ടു. വിഴിഞ്ഞം വരെ വ്യാപിച്ച സംഘട്ടനവും തീവെപ്പും ഒറ്റയാൻ പട്ടാളമായി തിരുമേനി കടന്നു വന്നു. കുറെ സമൂഹിക, മത, രാഷ്ട്രീയ

www.malankaralibrary.com

നേതാക്കന്മാരെ കിട്ടി. പൂന്തുറ മുതൽ ബീമാപ്പള്ളി വരെ നടത്തിയ ശാന്തിയാത്രയും തുടർ പരിശ്രമങ്ങളും വിജയം കണ്ടു. കലാപ കാർമേഘം ഒഴിഞ്ഞുപോയി.

തമിഴ്നാട്ടിലെ മണ്ടയ്ക്കാട്ടുണ്ടായ വർഗ്ഗീയ കലാപത്തിലും നിലയ്ക്കലെ പള്ളിപണി വിഷയമാക്കി കേരളമാകെ വ്യാപിച്ച മതവൈരത്തിലും തിരുമേനിയുടെ കരുത്തുറ്റ സമാധാന സംസ്ഥാപനം ചരിത്ര സംഭവങ്ങളാണ്.

1986-ൽ വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ തിരുവനന്തപും സന്ദർശനം സംബന്ധിച്ചാണ് മറ്റൊരു വർഗ്ഗീയ വൈരം ഉയർന്നു വന്നത്. സന്ദർശനവേദി പൊളിച്ചു മാറ്റണമെന്ന ആവശ്യം, പാപ്പായെ കാലുകുത്താൻ അനുവദിക്കില്ലെന്നുള്ള വാശി. ക്രൈസ്തവർക്ക് ആത്മാവിലേറ്റ മുറിവായി. രാജകുടുംബത്തേയും ഏതാനും ഹൈന്ദവാചാര്യന്മാരേയും തിരുമേനി ചെന്നു കണ്ടു. പെട്ടെന്നാണ് മഞ്ഞുരുകിയത്. മാർപാപ്പ സന്ദർശിക്കുകയും ശംഖുമുഖത്തൊരുക്കിയ വേദിയിൽത്തന്നെ നിന്ന് മനുഷ്യസാഗരത്തെ അഭിസംബോധന ചെയ്യുകയും ചെയ്തു. തിരുമേനിക്ക് അനുരഞ്ജനത്തിന്റെ ഒരാറാമിന്ദ്രിയം ഉണ്ടെന്ന് ജനം പറയാൻ തുടങ്ങി.

## <u>ആത്മീയ ഔന്നത്യം</u>

തിരുമേനിയുടെ എല്ലാ ഗുണങ്ങളും പ്രവർത്തനങ്ങളും അദ്ദേഹത്തിന്റെ ആത്മീയ ഔന്നത്യത്തിന്റെ പ്രകാശനമാണ്. ചെറുപ്പം മുതൽ യേശു - സ്നേഹവും സേവന മനോഭാവവും അദ്ദേഹത്തിൽ മൊട്ടിട്ടു നിന്നു. അവ പൂർണ്ണതയിലെത്തിക്കാനുള്ള ഏറ്റം നല്ല മാർഗ്ഗമായിട്ടാണ് സന്യാസ വൈദികനാകാൻ തീരുമാനിക്കുന്നത്. സെമിനാരി പഠനകാലം മണിക്കൂറുകൾ അൾത്താര മുമ്പാകെ പ്രാർത്ഥിക്കുന്നത് പതിവായിരുന്നെന്ന് സതീർത്ഥർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വൈദികനായ ശേഷം ലോകം ഉറങ്ങുമ്പോൾ അൽത്താരമുമ്പാകെ സാഷ്ടാംഗം വീണ് പ്രാർത്ഥിക്കുമായിരുന്നു. 1947 ആഗസ്റ്റ് 15-ലെ ഭാരതസ്വാതന്ത്രാർദ്ധരാത്രിയിൽ ഡൽഹിയിൽ നെഹ്റുവിന്റെ ചരിത്ര പ്രസിദ്ധ പ്രസംഗം നടക്കുമ്പോൾ ബനഡിക്ട് അച്ചൻ വിശുദ്ധ തോമ്മാശ്ലീഹായുടെ കബറിടത്തിൽ തീർത്ഥാടകനായെത്തി പ്രാർത്ഥിക്കുകയായിരുന്നു. മെത്രാഭിഷേകശേഷം രാത്രിയിലുള്ള

www.malankaralibrary.com

സാഷ്ടാംഗപ്രാർത്ഥനയുടെ തീഷ്ണതയും ദൈർഘ്യവും ഏറിവന്നു. വിശുദ്ധ കുർബാനയർപ്പണവും ഇതര കൗദാശികാരാധനകളും ഇമ്പകരവും സ്വർഗ്ഗോന്മുഖവും ആയിരുന്നു. വത്തിക്കാൻ കൗൺസിലിലെ പൂർണ്ണ സമയ വിദ്യാർത്ഥി എന്ന ഖ്യാതി സമ്പാദിച്ച തിരുമേനി തിരിച്ചു വന്ന് കൗൺസിൽ ഡിക്രി പഠിപ്പിക്കാൻ ഓടി നടക്കുമായിരുന്നു. ആരാധനക്രമമായിരുന്നു ഇഷ്ടവിഷയം. പൗരോഹിത്യത്തിന്റെയും പരിശുദ്ധ കുർബാനയുടെയും ആഴമായ അർത്ഥ തലങ്ങളും അനുദിന ജീവിതത്തിൽ അവ പ്രായോഗികമാക്കേണ്ടതിന്റെ ആവശ്യകതയും വിവരിക്കുമ്പോൾ അവ തിരുമേനിയുടെ ആത്മാവിനെ പകർന്നു തരുന്ന അനുഭവമായിരുന്നു. ജീവിതവും കുടുംബവും കുർബാനയോടു ബന്ധിതമാവണമെന്ന് നിഷ്കർഷിച്ചിരുന്നു. ഒരു വീട്ടിലെ ഒരാളെങ്കിലും ഇടവകപ്പള്ളിയിലെ അനുദിന കുർബാനയിൽ സംബന്ധിച്ച് കുടുംബത്തെ കുർബാന ശക്തിയിൽ നിറയ്ക്കണമെന്നായിരുന്നു പ്രായോഗിക നിഷ്കർഷ. ഒരു വിവാഹം ആശീർവദിക്കാൻ പട്ടം കത്തീഡ്രലിൽ രാവിലെ പതിനൊന്നു മണിക്ക് തിരുമേനി എത്തി. മധുരയിൽ നിന്നും വരേണ്ട പെൺകുട്ടിയെത്തിയത് 12.30–ന്. കാത്തു നിന്നവർ വല്ലാതെ വിഷമിച്ച സന്ദർഭം. എന്നാൽ തിരുമേനി ഋഷിതുല്യനായി അൾത്താരെ മുമ്പാകെ ധ്യാനത്തിൽ ലയിച്ചിരുന്നു. മലങ്കരസഭയുടെ യഥാർത്ഥ സമ്പത്ത് പൂർവപിതാക്കന്മാർ തപസാർന്ന പ്രാർത്ഥനയിലൂടെ നേടിയ ദൈവസമ്പാദനവും അതിനനുസൃതമായി നയിച്ച ജീവിത ശൈലിയുമാണ്.

തിരുമേനിയുടെ പൗരോഹിത്യ സുവർണജൂബിലി പട്ടം സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ ആഘോഷിച്ചപ്പോൾ പ്രൊഫ. എസ് ഗുപ്തൻ നായർ ആശംസാ മദ്ധ്യേ ഈ കഥ പറഞ്ഞു: “ ഭക്തരായ രണ്ട് സന്യാസിമാരിൽ ഒരാൾ മരിച്ചു സ്വർഗ്ഗത്തിലെത്തി. ദൈവം ഒരു സാധാരണ കിരീടം നൽകി ആദരിച്ചു. പിന്നീടെത്തിയ രണ്ടാമന് സമ്മാനിച്ചത് രത്നങ്ങൾ പതിച്ച അമൂല്യ കിരീടമാണ്. ആദ്യ സന്യാസി ദുഃഖിതനായി. ദൈവം അദ്ദേഹത്തോട് പറഞ്ഞു നിങ്ങൾ രണ്ടുപേരും നല്ല സന്യാസിമാർ തന്നെയായിരുന്നു. അതിനാൽ താങ്കൾക്കു കിരീടം കിട്ടി. രണ്ടാമത്തെ സന്യാസി സന്യാസ ജീവിതത്തിനൊപ്പം പതിതർക്കും പാവപ്പെട്ടവർക്കും വേണ്ടി ജീവിതം സമർപ്പിച്ച് കഠിനപാതകളിലൂടെ ബഹുദൂരം സഞ്ചരിച്ചു. അതിനാലാണ് അർഹമായ അമൂല്യ രത്ന കിരീടം അദ്ദേഹത്തെ അണിയിച്ചത്”.

www.malankaralibrary.com

**Requested to be published in Deepika News Paper (main) dt: 10/10/2020 being the 26th Death -Anniversary of Benedict Mar Gregorios.**

**Thank You**

www.malankaralibrary.com